(ബി) എങ്കിൽ ഇത് ഫലപ്രദമായി തടയുവാൻ വനപാലകർക്ക് ആധുനിക ആയുധങ്ങൾ, പരിശീലനം ഇവ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വനം മാഫിയക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ വനപാലകർക്ക് അധികാരം നൽകുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പാരിതോഷികങ്ങളും അവാർഡുകളും നൽകുവാൻ നടപടി സ്വികരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് വൻതോതിലുള്ള വനനാശം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ അനധികൃത മരം മുറി, കഞ്ചാവ് കൃഷി മുതലായ വനനശീകരണ പ്രവൃത്തികൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു ഫലപ്രദമായി തടയുവാൻ വനപാലകർക്ക് ആധുനിക ആയുധങ്ങൾ, പരിശീലനം ഇവ നൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) വനപാലകർക്ക് കൂടുതൽ അധികാരം നൽകുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പാരിതോഷികങ്ങളും, അവാർഡുകളും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

രാഷ്ട്രീയ സംവികാസ് യോജന

*21 [433] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
,, ടി. കെ. ബാലൻ :
,, കെ. വി. കുഞ്ഞിരാമൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ സംവികാസ് യോജന (ആർ. എസ്. വി. വൈ.) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കാർഷിക ഉത്പാദനക്ഷമതയിലുള്ള കുറവ്, തൊഴിലില്ലായ്മ എന്നിവ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് നികത്തുന്നതിനും പ്രസ്തുത പദ്ധതി എത്രകണ്ടു വിജയിച്ചിട്ടുണ്ടെന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇൻഡ്യയിലെ തെരഞ്ഞെടുത്ത പിന്നോക്ക ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ സംവികാസ യോജന. കാർഷിക വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് നികത്തുക, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലില്ലായ്മ പരിഹരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പാലക്കാട്, വയനാട് എന്നീ രണ്ട് ജില്ലകളിലാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്.

(സി) മൂന്നു വർഷമായാണ് ഓരോ ജില്ലയിലും 45 കോടി രൂപയുടെ ഈ പദ്ധതി നടപ്പിലാക്കേണ്ടത്. പാലക്കാട് ജില്ലയിൽ ഒന്നാം വർഷ പദ്ധതി പൂർത്തിയായി വരുന്നു. വയനാട് ജില്ലയിൽ ഒന്നാം വർഷത്തെ ആദ്യ ഗഡുവായി ലഭിച്ച 7.5 കോടി രൂപയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. മൂന്ന് വർഷത്തെ പദ്ധതി പൂർത്തിയാകുമ്പോൾ ഈ പദ്ധതിയിൽ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടുവാൻ കഴിയും.

(ഡി) കേന്ദ്ര സർക്കാർ 2005-06 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ സംവികാസ് യോജന എന്ന പദ്ധതി "പിന്നോക്ക ജില്ലാ/പിന്നോക്ക പ്രദേശ ഫണ്ട്" എന്ന് പുനർനാമകരണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ കേരളത്തിൽനിന്ന് കൂടുതൽ ജില്ലകൾ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

വാറ്റ് നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

*22 [434] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
,, കെ. പി. രാജേന്ദ്രൻ :
,, ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് വാറ്റ് നിയമം നടപ്പിലാക്കുന്നതിന് ഇതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യാപാരികളും വ്യവസായികളും അവരുടെ സംഘടനകളും നിയമം നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് നികുതി പിരിവിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) വ്യാപാരി-വ്യവസായികളുടെ സംഘടനകളുമായി നടന്ന ചർച്ചയിൽ പുതിയ ബദൽ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly